(ബി) അതിൽ എത്ര റോഡ്‌ പണി തീർന്നിട്ടുണ്ട്‌;

(സി) 53–54-ലോ 54–55-ലോ ഏതെങ്കിലും റോഡിന്റെ പണി പുതുതായി ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു;

(എഫ്‌) മല്ലപ്പള്ളി – പൂവനക്കടവു – ചേലക്കൊമ്പുറോഡ്‌ ഇതേവരെ പണി ആരംഭിക്കാതിരിക്കാൻ കാരണമെന്തു;

(ജി) മല്ലപ്പള്ളി–ചേലക്കൊമ്പു (പൂവനക്കടവു–ചേലക്കൊമ്പു) റോഡിൽ ഒന്നാംഫർലാംഗിലുള്ള പല കലുപ്പാലം രണ്ടുവർഷത്തിലധികം മുൻപു തന്നെ തിരുവല്ലാ സബ്‌ഡിവിഷൻ കമ്മിറ്റി സ്പോർശ ചെയ്തിട്ടും പണി ആരംഭിക്കാതിരിക്കാൻ കാരണമെന്താണു?

ഉത്തരം.

(എ) 76 റോഡുകൾ.

(ബി) 23 റോഡുകൾ.

(സി) ഉണ്ടു.

(ഡി) 1. തിരുവല്ലാ–ചേഴഞ്ചേരി റോഡിൽനിന്നും എം. സി. റോഡു 58–ാംമൈലിൽ ചേരുന്ന റോഡിന്റെ ഒന്നാം സെക്‌ഷൻ.

2. വള്ളംകുളം പാലത്തിന്റെ കിഴക്കേക്കരയിൽനിന്നും തോട്ടപ്പുഴക്കുള്ള റോഡു.

3. ഇരപ്പുഴ—ചെറുശേരി റോഡു.

4. ചെറുകോൽപുഴ—റാന്നി റോഡു.

5. എം. സി. റോഡു 76-ാംമൈലിൽനിന്നും പഞ്ചസരക്കമ്പനിയിലേയ്ക്കുള്ള റോഡു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്‌ & ജി) ഈ പണികൾ നടത്തുന്നതിനാവശ്യമായ നടപടികൾ എടുത്തുവരികയാണു.

റോഡിന്റെ പണി.

314. [12] ശ്രീ. കെ. സി. എബ്രഹാം: താഴെ പറയുന്ന ചോദ്യത്തിനു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി പണിയുവാൻ തീരുമാനിച്ചിട്ടുള്ള പറവൂർ–ചെറായി പാലത്തിലേയ്ക്കു, പറവൂർനിന്നും പാലംവരെ എത്തുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതിയ റോഡിന്റെ പണി ഉടനെ തുടങ്ങുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

പാലത്തിന്റെ ഡിസൈൻ തീരുമാനിച്ചു കഴിഞ്ഞാൽ റോഡു പണിയുടെ കാര്യം ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly